ഉത്തരം

പ്രസ്തുത റോഡിന്റെ അത്യന്താപേക്ഷിതമായ അറ്റകുറ്റപ്പണികളും നടത്തുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

Construction of the Panampilly Road

1159 [2103]. **Shri Stephen Padua**: Will the Deputy Chief Minister be pleased to state:

(a) the present stage of construction of the Panampilly Road in Cochin City;

(b) the period required to complete its construction;

(c) whether there is any proposal to connect it with the Link Road from Nettoor to Willingdon Island?

Answer

(a) Panampilly road in Cochi City is not a P.W.D. road. P.W.D. has no proposal for construction of this road.

(b, c) Do not arise.

നാഷണൽ ഹൈവേയുടെ നിർമ്മാണം

1160 [2104] ശ്രീ. കെ. പി. എ. മജീദ്:
,, സി. റ്റി. അഹമ്മദാലി:
,, പി. കെ. കെ. ബാവ:
,, കെ. പി. രാമൻ:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയുടെ നിർമ്മാണത്തിന് നാളിതുവരെ കേന്ദ്രഗവൺമെന്റ് എന്തു തുക അനുവദിച്ചു;

(ബി) എത്ര കിലോമീറ്റർ റോഡിന്റെ നിർമ്മാണം പൂർത്തിയായി;

(സി) ഇനി എത്ര കിലോമീറ്റർ പൂർത്തിയാകാനുണ്ട്?

ഉത്തരം

(എ) കേരളത്തിലെ നാഷണൽ ഹൈവേകളുടെ നിർമ്മാണത്തിന് 1969–70 സാമ്പത്തിക വർഷം മുതൽ 1986–87 സാമ്പത്തിക വർഷംവരെ 60 കോടി 35 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു തന്നിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ചുകിട്ടുന്ന തുകകൾക്ക് അനുസൃതമായി 837.62 കി. മീ. ദൈർഘ്യം വരുന്ന റോഡ് നാഷണൽ ഹൈവേ നിലവാരത്തിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. വാഹനഗതാഗതത്തിന്റെ ബാഹുല്യമനുസരിച്ച് റോഡുകളുടെ നിലവാരം ക്രമാനുഗതമായി ഉയർത്തേണ്ടതുള്ളതിനാൽ എത്ര ദൈർഘ്യം പണി പൂർത്തിയായി എന്നു പറയുക പ്രയാസമാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly